## മധുരമായ കുട്ടികളേ - പരിധിയില്ലാത്ത ബാബയോടൊപ്പം വിശ്വസ്ഥരായിരിക്കൂ എങ്കിൽ പൂർണ്ണമായ ശക്തി ലഭിക്കും, മായയോട് വിജയിച്ചുകൊണ്ടിരിക്കും.

**ചോദ്യം:-** ബാബയുടെ പക്കലുള്ള മുഖ്യ അഥോറിറ്റി ഏതാണ്? അതിന്റെ അടയാളം എന്താണ് ?
**ഉത്തരം:-** ജ്ഞാനത്തിന്റെ അഥോറിറ്റിയാണ് മുഖ്യമായും ബാബയ്ക്കുള്ളത്. ജ്ഞാന സാഗരനായതു കൊണ്ടാണ് കുട്ടികളായ നിങ്ങളെ പഠിപ്പിക്കുന്നത്. തനിക്ക് സമാനം നോളജ്ഫുള്ളാക്കി മാറ്റുന്നു. നിങ്ങൾക്ക് പഠിത്തത്തിന്റെ ലക്ഷ്യം അറിയാം. പഠനത്തിലൂടെ തന്നെയാണ് നിങ്ങൾ ഉയർന്ന പദവി നേടുന്നത്.
**ഗീതം:-** മാറട്ടെ ഈ ലോകം......

**ഓം ശാന്തി.** ഭക്തർ ഭഗവാന്റെ മഹിമകൾ പാടുന്നു. നിങ്ങൾ ഇപ്പോൾ ഭക്തരല്ല. നിങ്ങൾ ആ ഭഗവാന്റെ കുട്ടികളായി മാറിയിരിക്കുകയാണ്. വിശ്വസ്ഥരായ കുട്ടികളെയാണ് വേണ്ടത്. ഓരോ കാര്യത്തിലും വിശ്വസ്ഥരായിരിക്കണം. സ്ത്രീ തന്റെ പതിയെ അഥവാ പതി തന്റെ പത്നിയെ അല്ലാതെ മറ്റാരിലേയ്ക്കെങ്കിലും ദൃഷ്ടി വയ്ക്കുകയാണെങ്കിൽ, അവരെ വിശ്വാസവഞ്ചകർ എന്ന് പറയും. ഇവിടെ പരിധിയില്ലാത്ത പിതാവാണുള്ളത്. ബാബയോട് വിശ്വാസവഞ്ചന കാണിക്കുന്നവരും വിശ്വസ്ഥരായിട്ടുള്ളവരുമുണ്ട്. വിശ്വസ്ഥരായി വന്ന് പിന്നീട് വിശ്വാസവഞ്ചന കാണിക്കുന്നു. ബാബയാണ് ഏറ്റവും ഉയർന്ന അധികാരി. സർവ്വശക്തനല്ലേ, അതിനാൽ ബാബയുടെ കുട്ടികളും അങ്ങനെയായിരിക്കണം. ബാബയിൽ ശക്തിയുണ്ട്, രാവണനെ ജയിക്കുവാനുള്ള യുക്തി ബാബ പറഞ്ഞു തരുന്നു അതുകൊണ്ടാണ് ബാബയെ സർവ്വശക്തിവാൻ എന്ന് പറയുന്നത്. നിങ്ങളും ശക്തിസേനയല്ലേ. നിങ്ങൾ നിങ്ങളെയും സർവ്വശക്തരെന്ന് പറയുന്നു. ബാബയിൽ എന്ത് ശക്തിയാണോ ഉള്ളത് അത് നമുക്ക് നൽകുന്നു, എങ്ങനെയാണ് രാവണനെ ജയിക്കേണ്ടത് എന്നത് ബാബ പറഞ്ഞു തരുന്നു, അതിനാൽ നിങ്ങൾക്കും ശക്തിശാലിയാകണം. ബാബ ജ്ഞാനത്തിന്റെ അധികാരിയാണ്. നോളജ്ഫുള്ളാണ്. മറ്റുള്ളവർ ശാസ്ത്രങ്ങളുടെയും ഭക്തീമാർഗ്ഗത്തിന്റെയും അധികാരിയായിരിക്കുന്നത് പോലെ നിങ്ങൾ ഏറ്റവും ഉയർന്ന ജ്ഞാനത്തിന്റെ അധികാരിയായി മാറുന്നു. നിങ്ങൾക്ക് ജ്ഞാനം ലഭിക്കുകയാണ്. ഇത് പാഠശാലയാണ്. ഇവിടെ നിങ്ങൾ പഠിക്കുന്ന ജ്ഞാനത്തിലൂടെ ഉയർന്ന പദവി നേടാൻ സാധിക്കുന്നു, ഇങ്ങനെയുള്ള ഒരേയൊരു പാഠശാലയാണിത്. ഇവിടെ നിങ്ങൾ പഠിക്കുകയാണ് വേണ്ടത് അല്ലാതെ മറ്റ് പ്രാർത്ഥനകളൊന്നും ചെയ്യേണ്ടതില്ല. നിങ്ങൾക്ക് പഠനത്തിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്, ലക്ഷ്യവും അറിയാം. കുട്ടികളായ നിങ്ങൾക്കറിയാം ബാബ നോളജ്ഫുള്ളാണ് അതുപോലെ ബാബയുടെ പഠനവും വളരെ വ്യത്യസ്തമാണ്. ബാബയാണ് ജ്ഞാനത്തിന്റെ സാഗരം ബാബയ്ക്കാണ് ഇതെല്ലാം അറിയുന്നതും. ബാബ തന്നെയാണ് നമുക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നത്, മറ്റാർക്കും നൽകാൻ സാധിക്കില്ല. സന്മുഖത്ത് വന്ന് ബാബ ജ്ഞാനം നൽകി തിരിച്ച് പോകുന്നു. ഈ പഠനത്തിന്റെ പ്രാലബ്ധമായി എന്താണ് ലഭിക്കുന്നത് എന്നും നിങ്ങൾക്കറിയാം. മറ്റേതെല്ലാം സത്സംഗങ്ങളും ഗുരുക്കന്മാരുമാണോ ഉള്ളത് അവരെല്ലാം തന്നെ ഭക്തീമാർഗ്ഗത്തിന്റേതാണ്. നിങ്ങൾക്കിപ്പോൾ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളായ നിങ്ങൾക്ക് സേവനത്തിന്റെ പല-പല യുക്തികൾ കണ്ടെത്തണം. നിങ്ങളുടെ അനുഭവം കേൾപ്പിച്ച് അനേകർക്ക് ഭാഗ്യം നേടി കൊടുക്കണം. സേവാധാരികളായ നിങ്ങൾ കുട്ടികളുടെ അവസ്ഥ വളരെ നിർഭയവും ഉറച്ചതും യോഗയുക്തവുമായിരിക്കണം. യോഗാവസ്ഥയിലിരുന്ന് സേവനം ചെയ്യുകയാണെങ്കിൽ സഫലത ലഭിക്കും.

കുട്ടികളേ, നിങ്ങൾ നിങ്ങളെ പൂർണ്ണമായും സംരക്ഷിക്കണം. ഒരിക്കലും ആവേശം വരരുത്, വളരെ യോഗയുക്തമായിരിക്കണം. ബാബ മനസ്സിലാക്കി തരുന്നു, വാസ്തവത്തിൽ നിങ്ങൾ എല്ലാവരും വാനപ്രസ്ഥികളാണ്, ശബ്ദത്തിനുപരിയായ അവസ്ഥയിലിരിക്കുന്നവർ. വാനപ്രസ്ഥി അർത്ഥം ശബ്ദത്തിനുപരിയായി വീടിനേയും ബാബയേയും ഓർമ്മിക്കുന്നവർ. ഇതല്ലാതെ മറ്റൊരു ആഗ്രഹവും ഇല്ല. നല്ല നല്ല വസ്ത്രങ്ങൾ വേണം എന്നിങ്ങനെയുള്ള ആഗ്രഹങ്ങൾ വളരെ മോശമാണ്. ദേഹാഭിമാനമുള്ളവർക്ക് സേവനം ചെയ്യാൻ സാധിക്കില്ല. ദേഹീ-അഭിമാനിയാകേണ്ടതുണ്ട്. ഭഗവാന്റെ കുട്ടികൾക്ക് ശക്തിയുണ്ടായിരിക്കണം, അത് യോഗത്തിന്റെ ശക്തിയാണ്. ബാബക്ക് എല്ലാ കുട്ടികളേയും അറിയാം. ഇന്ന ഇന്ന കുറവുകളുണ്ട് ഇതെല്ലാം മാറ്റണം എന്ന് ബാബ പറയും. ബാബ പറയുന്നു, ശിവക്ഷേത്രങ്ങളിൽ പോകൂ അവിടെ നിങ്ങൾക്ക് ധാരാളം ആളുകളെ ലഭിക്കും. കാശിയിൽ പോയി താമസിക്കുന്നവരും വളരെയധികമുണ്ട്. കാശിനാഥൻ നമ്മളെ സംരക്ഷിക്കും എന്ന് കരുതുന്നു. അവിടെ നിങ്ങൾക്ക് ധാരാളം ആവശ്യക്കാരെ ലഭിക്കും,

എന്നാൽ വളരെ ബുദ്ധിശാലികളായിരിക്കണം. ഗംഗാ സ്നാനം ചെയ്യുന്നവർക്കും മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും. ക്ഷേത്രങ്ങളിലും പോയി മനസ്സിലാക്കി കൊടുക്കൂ. ഗുപ്തമായ വേഷത്തിൽ പോകണം, ഹനുമാന്റെ ഉദാഹരണം പറയാറുണ്ടല്ലോ അതുപോലെ. വാസ്തവത്തിൽ അത് നിങ്ങൾ തന്നെയാണ്. ചെരുപ്പുകളുടെ ഇടയിൽ ചെന്നിരിക്കേണ്ട കാര്യമൊന്നുമില്ല. ഇതിന് വളരെ ബുദ്ധിശാലികളായിട്ടുള്ളവരാണ് വേണ്ടത്. ബാബ പറയുന്നു, ഇപ്പോൾ ആരും കർമ്മാതീതമായിട്ടില്ല. തീർച്ചയായും എന്തെങ്കിലും കുറവുകൾ ഉണ്ടായിരിക്കും.

ഈ ഒരേയൊരു കടയിൽ തന്നെയാണ് എല്ലാവർക്കും വരേണ്ടത് എന്ന ലഹരി നിങ്ങൾ കുട്ടികൾക്ക് ഉണ്ടായിരിക്കണം. ഒരു ദിവസം ഈ സന്യാസിമാരും മറ്റെല്ലാവരും വരും. ഒരു കട മാത്രമേയുള്ളൂ മറ്റെങ്ങോട്ട് പോകും. വളരെയധികം അന്വേഷിച്ചിട്ടുള്ളവർക്കാണ് വഴി ലഭിക്കുന്നത്. ഈ ഒരു കട മാത്രമാണുള്ളതെന്ന് അവർ മനസ്സിലാക്കും. സർവ്വരുടേയും സത്ഗതിദാതാവ് ഒരു ബാബയാണ്. ബാബക്ക് ഈ ചിന്തയാണുള്ളത്– ഞാൻ വന്നിരിക്കുന്നത് പതിതരെ പാവനമാക്കി ശാന്തിധാമത്തിന്റെയും സുഖധാമത്തിന്റെയും സമ്പത്ത് നൽകുന്നതിന് വേണ്ടിയാണ്. നിങ്ങളുടെ കർത്തവ്യവും ഇത് തന്നെയാണ്. എല്ലാവരുടെയും മംഗളം ചെയ്യണം. ഇത് പഴയ ലോകമാണ്. ഇതിന്റെ ആയുസ്സ് എത്രയാണ്? ഈ പഴയ ലോകം നശിക്കേണ്ടതാണ് എന്ന് കുറച്ച് സമയത്തിനുള്ളിൽ മനസ്സിലാക്കും. പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുമ്പോഴാണ് പഴയ ലോകത്തിന്റെ വിനാശമുണ്ടാകുന്നതെന്ന് സർവ്വ ആത്മാക്കളും മനസ്സിലാക്കും. ഭഗവാൻ ഇവിടെയുണ്ട് എന്ന് മുന്നോട്ട് പോകുമ്പോൾ ആളുകൾ പറയും. രചയിതാവായ ബാബയെ മറന്നുപോയി. ത്രിമൂർത്തിയുടെ ചിത്രത്തിൽ ശിവന്റെ ചിത്രം കാണിക്കുന്നില്ല, അതുകൊണ്ട് ആ ചിത്രം കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. രചയിതാവ് ആ ബാബയല്ലേ. ശിവന്റെ ചിത്രവും വരുമ്പോഴാണ്, ബ്രഹ്മാവിലൂടെ സ്ഥാപന എന്നത് വ്യക്തമാകുന്നത്. പ്രജാപിതാ ബ്രഹ്മാവുണ്ടെങ്കിൽ തീർച്ചയായും ബി. കെയും ഉണ്ടായിരിക്കണം. ബ്രാഹ്മണ കുലമാണ് ഏറ്റവും ഉയർന്നത്. ബ്രഹ്മാവിന്റെ സന്താനങ്ങൾ. എങ്ങനെയാണ് ബ്രാഹ്മണരെ രചിക്കുന്നതെന്നും ആർക്കും അറിയില്ല. ബാബയാണ് നിങ്ങളെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാക്കി മാറ്റുന്നത്. ഇത് വളരെ സങ്കീർണ്ണമായ കാര്യങ്ങളാണ്. ബാബ സന്മുഖത്ത് വന്ന് മനസ്സിലാക്കി തരുമ്പോഴാണ് മനസ്സിലാക്കുന്നത്. ദേവതകളായിരുന്നവരാണ് ഇപ്പോൾ ശൂദ്രരായിരിക്കുന്നത്. അവരെ എങ്ങനെ കണ്ടെത്താം എന്നതിനുള്ള യുക്തികൾ കണ്ടു പിടിക്കണം. ബി. കെകളുടേത് വളരെ ഉയർന്ന കർത്തവ്യമാണ് എന്നത് അവർ മനസ്സിലാക്കും. എത്രമാത്രം നോട്ടീസുകളാണ് വിതരണം ചെയ്യുന്നത്. വിമാനത്തിലൂടെ നോട്ടീസുകൾ വിതരണം ചെയ്യാനും ബാബ പറഞ്ഞിട്ടുണ്ട്. ചുരുങ്ങിയത് പത്രത്തിന്റെ അത്രയും വലിപ്പമുണ്ടായിരിക്കണം, അതിൽ പ്രധാന കാര്യങ്ങളും ഏണിപ്പടിയുമൊക്കെ ഉണ്ടായിരിക്കണം. മുഖ്യമായും ഹിന്ദിയിലും ഇംഗ്ലീഷ് ഭാഷയിലുമായിരിക്കണം. എങ്ങനെ സേവനം വർദ്ധിപ്പിക്കാം എന്ന ചിന്ത കുട്ടികൾക്കുണ്ടായിരിക്കണം. ഡ്രാമയനുസരിച്ച് പുരുഷാർത്ഥം നടക്കുന്നുണ്ട് എന്നും അറിയാം. ഇവർ സേവനം വളരെ നന്നായി ചെയ്യുന്നുണ്ട്, ഇവർക്ക് ഉയർന്ന പദവിയായിരിക്കും ലഭിക്കുക എന്നും മനസ്സിലാക്കാൻ സാധിക്കും. ഓരോ അഭിനേതാവിനും അവരവരുടേതായ പാർട്ടുണ്ട് – ഈ വരി തീർച്ചയായും എഴുതണം. ബാബയും ഈ ഡ്രാമയിൽ നിരാകാരി ലോകത്ത് നിന്നും വന്ന് സാകാര ശരീരത്തിന്റെ ആധാരമെടുത്ത് പാർട്ടഭിനയിക്കുന്നു. ആരെല്ലാം എത്രയെത്ര പാർട്ടഭിനയിക്കുന്നു എന്ന കാര്യവും നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഇതും പ്രധാനപ്പെട്ടതാണ്. ഈ സൃഷ്ടി ചക്രത്തെ അറിയുന്നതിലൂടെ മനുഷ്യർ സ്വദർശന ചക്രധാരികളായി ചക്രവർത്തി രാജാവ് അഥവാ വിശ്വത്തിന്റെ അധികാരികളാകുന്നു എന്നത് തെളിയിച്ച് പറഞ്ഞ് കൊടുക്കണം. ജ്ഞാനം മുഴുവൻ ബുദ്ധിയിലുണ്ടെങ്കിൽ മുഴുവൻ സമ്പത്തും നേടണം. ഇങ്ങനെയൊക്കെ ചിന്തിച്ച് കുട്ടികൾ ബാബയുടെ സേവനത്തിൽ മുഴുകണം.

ജയ്പൂരിലും ഈ ആത്മീയ മ്യൂസിയം സ്ഥിരമായി ഉണ്ടാകണം. ഇത് മനസ്സിലാക്കുന്നതിലൂടെ മനുഷ്യന് വിശ്വത്തിന്റെ അധികാരിയാകാൻ സാധിക്കും എന്ന് എഴുതിയിട്ടുണ്ട്. അത് കാണുന്നവരും മറ്റുള്ളവരോട് പറയും. കുട്ടികൾ സദാ സേവനം ചെയ്യണം. മമ്മയും സേവനം ചെയ്യുകയാണ്, അവരെ ചുമതലപ്പെടുത്തിയിരുന്നു. സരസ്വതി ആരാണ് എന്ന് ഒരു ശാസ്ത്രങ്ങളിലും ഇല്ല. പ്രജാപിതാ ബ്രഹ്മാവിന് ഒരു കുട്ടി മാത്രമായിരിക്കുമോ?അനേകം പേരുകളുള്ള അനേകം കുട്ടികളുണ്ട്. നിങ്ങളെപ്പോലെ മമ്മയും ദത്തെടുക്കപ്പെട്ടതാണ്. മുഖ്യൻ  പോയാൽ പിന്നീട് അടുത്ത ആളെ നിയമിക്കുന്നു. പ്രധാനമന്ത്രിയേയും മാറ്റുന്നു. കഴിവുള്ളതുകൊണ്ട് അവരെ ഇഷ്ടപ്പെടുന്നു പിന്നീട് സമയം പൂർത്തിയാകുമ്പോൾ അടുത്ത ആളെ കണ്ടെത്തുന്നു. എങ്ങനെയാണ് മറ്റുള്ളവരെ ബഹുമാനിക്കേണ്ടത് എന്നതാണ് ബാബ ആദ്യം പഠിപ്പിക്കുന്നത്, പഠിപ്പില്ലാത്തവർക്ക്, എങ്ങനെ മറ്റുള്ളവരെ ബഹുമാനിക്കണം എന്നത് അറിയില്ല. വളരെ തീവ്രമായിട്ടുള്ളവരെ സർവ്വരും ബഹുമാനിക്കുക തന്നെ വേണം. മുതിർന്നവർ ബഹുമാനിക്കുന്നത് കാണുമ്പോൾ അവരും പഠിക്കും.

പഠിക്കാത്തവർ ബുദ്ധുക്കളാണ്. ബാബയും പഠിക്കാത്തവരെയാണ് ഉയർത്തിയത്. ഇന്നത്തെക്കാലത്ത് സ്ത്രീകളെ മുന്നിൽ വയ്ക്കുന്നു. ആത്മാക്കളായ നമ്മുടെ വിവാഹനിശ്ചയം പരമാത്മാവുമായി നടന്നുകഴിഞ്ഞു എന്നത് നിങ്ങൾ കുട്ടികൾക്കറിയാം. നമ്മൾ വിഷ്ണുപുരിയുടെ അധികാരിയാകും എന്നതിൽ നിങ്ങൾ വളരെ സന്തോഷിക്കുന്നു. കന്യകമാർ തന്റെ വരനെ കണ്ടിട്ടില്ലെങ്കിൽ പോലും അവരെ ഓർമ്മിക്കുന്നു. ആത്മാവും പരമാത്മാവും തമ്മിലുള്ള ഈ വിവാഹ നിശ്ചയം വളരെ വിചിത്രമായതാണ് ഇത് ആത്മാവിനറിയാം. ഒരു ബാബയെ മാത്രമാണ് ഓർമ്മിക്കേണ്ടത്. മനുഷ്യർ പറയുന്നത് ഗുരുവിനെ ഓർമ്മിക്കൂ, ഈ മന്ത്രം ജപിക്കൂ എന്നെല്ലാമാണ്. ഇവിടെ ബാബ തന്നെയാണ് സർവ്വതും. ഇദ്ദേഹത്തിലൂടെ നിശ്ചയം നടത്തുന്നു. ബാബ പറയുന്നു, ഞാൻ നിങ്ങളുടെ അച്ഛനുമാണ്, എന്നിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു. കന്യകയുടെ നിശ്ചയം കഴിഞ്ഞാൽ പിന്നീട് ഒരിക്കലും മറക്കില്ല. നിങ്ങൾ എന്തുകൊണ്ടാണ് മറക്കുന്നത്? കർമ്മാതീത അവസ്ഥ എത്താൻ സമയമെടുക്കും. കർമ്മാതീതമായി തിരികെ പോകാൻ ആർക്കും സാധിക്കില്ല. വരനാണ് ആദ്യം പോകുന്നത് അതിന് പിറകെയാണ് മറ്റുള്ളവർ പോകുന്നത്. ശങ്കരന്റെ കാര്യമല്ല, ശിവന്റെ ഘോഷയാത്രയാണ്. വരൻ ഒരാൾ മാത്രമാണ് മറ്റെല്ലാവരും വധുക്കളാണ്. ഇത് ശിവബാബയുടെ ഘോഷയാത്രയാണ്. കുട്ടികളുടെ പേരാണ് വച്ചിരിക്കുന്നത്. ഉദാഹരണ സഹിതം ബാബ മനസ്സിലാക്കിത്തരുന്നു. ബാബ വന്ന് സർവ്വരേയും പുഷ്പങ്ങളാക്കി മാറ്റി സർവ്വരേയും കൊണ്ടു പോകുന്നു. കുട്ടികൾ കാമ ചിതയിലിരുന്ന് പതീതമായി മാറി അവരെ ജ്ഞാന ചിതയിലിരുത്തി പുഷ്പങ്ങളാക്കി മാറ്റി സർവ്വരേയും കൊണ്ടു പോകുന്നു. ഇത് പഴയ ലോകമാണ്. ഓരോ കൽപത്തിലും ബാബ വരുന്നു. ഞാൻ പതിതമായവരെ പുഷ്പങ്ങളാക്കി കൊണ്ടു പോകുന്നു. രാവണൻ പതിതമാക്കുന്നു, ശിവബാബ പുഷ്പമാക്കി മാറ്റുന്നു. ബാബ വളരെ യുക്തികൾ പറഞ്ഞ് തരുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും-പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഭക്ഷണ-പാനീയത്തിന്റെ മോശമായ ആഗ്രഹങ്ങൾ ഉപേക്ഷിച്ച് ആത്മ-അഭിമാനിയായി സേവനം ചെയ്യണം. ഓർമ്മയിലൂടെ ശക്തി നേടി നിർഭയവും ഉറച്ചതുമായ അവസ്ഥ ഉണ്ടാക്കണം.

2) പഠിത്തത്തിൽ വളരെ തീവ്രവും സമർത്ഥവുമായവരെ ബഹുമാനിക്കണം. അലഞ്ഞ് കൊണ്ടിരിക്കുന്നവർക്ക് വഴി പറഞ്ഞ് കൊടുക്കുവാനുള്ള യുക്തികൾ കണ്ടെത്തണം. സർവ്വരുടേയും മംഗളം ചെയ്യണം.

## വരദാനം:- തന്റെ മഹത്വത്തെയും കർത്തവ്യത്തെയും അറിയുന്ന സദാ തെളിഞ്ഞ ജ്യോതിയായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ വിശ്വത്തിന്റെ വെളിച്ചമാണ്, താങ്കളുടെ പരിവർത്തനത്തിലൂടെ വിശ്വത്തിന്റെ പരിവർത്തനം ഉണ്ടാകണം- അതിനാൽ കഴിഞ്ഞത് കഴിഞ്ഞതായി കണക്കാക്കി തന്റെ മഹത്വത്തെയും കർത്തവ്യത്തെയും അറിഞ്ഞ് സദാ തെളിഞ്ഞ ജ്യോതിയാകൂ. താങ്കൾക്ക് സെക്കന്റിൽ സ്വ പരിവർത്തനത്തിലൂടെ വിശ്വ പരിവർത്തനം ചെയ്യാൻ സാധിക്കും. കേവലം പ്രാക്ടീസ് ചെയ്യൂ ഇപ്പോഴിപ്പോൾ കർമ്മ യോഗി, ഇപ്പോഴിപ്പോൾ കർമ്മാതീത സ്ഥിതി. താങ്കളുടെ രചനയായ ആമ എല്ലാ അവയവങ്ങളും ഉൾവലിക്കുന്നത് പോലെ താങ്കൾ മാസ്റ്റർ രചയിതാവ് ഉൾവലിയുന്നതിന്റെ ശക്തിയുടെ ആധാരത്തിൽ സെക്കന്റിൽ സർവ്വ സങ്കല്പങ്ങളെയും ഒതുക്കി ഒരു സങ്കൽപ്പത്തിൽ സ്ഥിതി ചെയ്യൂ.

## സ്ലോഗൻ:- ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിന് വേണ്ടി സ്മൃതി- വിസ്മൃതിയുടെ യുദ്ധം സമാപ്തമാക്കൂ.

**മാതേശ്വരിജിയുടെ മധുര മഹാവാക്യം**

**അരകൽപം ജ്ഞാനം- ബ്രഹ്മാവിന്റെ പകൽ, അരകൽപം ഭക്തി മാർഗ്ഗം- ബ്രഹ്മാവിന്റെ രാത്രി**

അരകൽപം ബ്രഹ്മാവിന്റെ പകൽ, അരകൽപം ബ്രഹ്മാവിന്റെ രാത്രി, ഇപ്പോൾ രാത്രി പൂർത്തിയായി പകൽ

വരണം. ഈ സമയം പരമാത്മാവ് വന്ന് അന്ധകാരത്തെ അവസാനിപ്പിച്ച് പ്രകാശത്തിന്റെ ആരംഭം കുറിക്കുന്നു, ജ്ഞാനത്തിലൂടെ പ്രകാശം, ഭക്തിയിലൂടെ അന്ധകാരം. ഗീതത്തിലും പറയുന്നു ഈ പാപത്തിന്റെ ലോകത്ത് നിന്ന് ദൂരേക്ക് എവിടേക്കെങ്കിലും കൊണ്ടുപോകൂ, എവിടെ ചിത്തത്തിന് സുഖം ലഭിക്കുമോ... ഇത് ദു:ഖത്തിന്റെ ലോകമാണ്, ഇവിടെ സുഖമില്ല. മുക്തിയിൽ സുഖവുമില്ല, ദുഃഖവുമില്ല. സത്യ ത്രേതായുഗം സുഖത്തിന്റെ ലോകമാണ്, ആ സുഖധാമത്തെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ നിങ്ങൾ സുഖത്തിന്റെ ലോകത്തേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്, അവിടേക്ക് ഒരു അപവിത്ര ആത്മാവിനും പോകാൻ സാധിക്കില്ല, അവസാനം ധർമ്മരാജന്റെ ശിക്ഷകൾ അനുഭവിച്ച് കർമ്മ-ബന്ധനത്തിൽ നിന്ന് മുക്തമായി ശുദ്ധ സംസ്ക്കാരം കൊണ്ട് പോകുന്നു എന്തുകൊണ്ടെന്നാൽ അവിടെ അശുദ്ധ സംസ്ക്കാരവും ഉണ്ടായിരിക്കില്ല, പാപവും ഉണ്ടായിരിക്കില്ല. ആ സമയം ആത്മാവ് തന്റെ യഥാർത്ഥ പിതാവിനെ മറന്ന് പോകുന്നു അങ്ങനെ ഈ സ്മൃതി-വിസ്മൃതിയുടെ, ജയ- പരാജയത്തിന്റെ അനാദിയായ കളി ഉണ്ടാക്കിയിരിക്കുന്നു, ആയതിനാൽ ഇപ്പോൾ തന്റെ സർവ്വശക്തിവാനായ പരമാത്മാവിലൂടെ ശക്തിനേടി വികാരങ്ങളുടെ മേൽ വിജയം വരിച്ച് 21 ജന്മത്തേക്ക് രാജ്യ ഭാഗ്യം നേടിക്കൊണ്ടിരിക്കുന്നു. ശരി. ഓം ശാന്തി.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**

ആത്മാവായ എന്നെ ചെയ്യിപ്പിക്കുന്നത് ആ പരമമായ ആത്മാവാണ്. ചെയ്യിപ്പിക്കുന്ന ആളുടെ ആധാരത്തിൽ ഞാൻ നിമിത്തമായി ചെയ്യുന്നവനാണ്. ഞാൻ ചെയ്യുന്നവനും ബാബ ചെയ്യിപ്പിക്കുന്നവനുമാണ്. ബാബ നടത്തിക്കൊണ്ടിരിക്കുന്നു, ഞാൻ നടന്നുകൊണ്ടിരിക്കുന്നു. ഓരോ നിർദ്ദേശത്തിലും ആത്മാവായ എനിക്ക് വേണ്ടി സങ്കൽപം, വാക്ക്, കർമ്മത്തിൽ സദാ അധികാരി ഹാജരാണ്, അതിനാൽ അധികാരിയുടെ മുമ്പാകെ സദാ ഞാൻ ആത്മാവും ഹാജരാണ്. സദാ ഈ കമ്പൈന്റ് രൂപത്തിലിരിക്കൂ.